# മഹാത്മാഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 7

## വാർത്താക്കുറിപ്പ്

### സ്പെഷൽ അലോട്ട്മെൻ്റ്:
### പ്രവേശന നടപടികൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കണം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻറ് സയൻസ് കോളജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദ പ്രവേശനത്തിനായി പ്രസിദ്ധീകരിച്ചപട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള രണ്ടാം സ്പെഷൽ അലോട്ട്മെൻ്റ് ലിസ്റ്റിൽ പ്രവേശനം ലഭിച്ചവർ ഒക്ടോബർ 11 ന് വൈകിട്ട് 4 നകം ബന്ധപ്പെട്ട കോളജിൽ നേരിട്ട് ഹാജരായി പ്രവേശനം ഉറപ്പാക്കണം. നിശ്ചിത സമയത്തിനകം ഫീസടക്കാത്തവരുടെയും ഫീസടച്ച ശേഷം പ്രവേശനം ഉറപ്പാക്കാത്തവരുടെയും അലോട്ട്മെൻറ് റദ്ദാകും. മുൻ അലോട്ട്മെൻ്റുകളിൽ താത്ക്കാലിക / സ്ഥിര പ്രവേശനം എടുത്ത ശേഷം പട്ടിക വിഭാഗക്കാർക്കുള്ള രണ്ടാം അലോട്ട്മെൻ്റിൽ പങ്കെടുക്കുകയും അവർക്ക് അലോട്ട്മെൻ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർ സ്പെഷൽ അലോട്ട്മെൻ്റിൽ പുതുതായി പ്രവേശനം നേടേണ്ടതാണ്. സ്പെഷൽ അലോട്ട്മെൻ്റ് ലഭിച്ചവരുടെ മുൻ അലോട്ട്മെൻ്റ് റദ്ദായ സാഹചര്യത്തിലാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. (പി.ആർ.ഒ/39/1046/2021)

### അപേക്ഷ തീയതി

പഞ്ചവത്സര ബി.ബി.എ - എൽ.എൽ.ബി (ഓണേഴ്സ്) (എസ്.ഐ.എൽ.റ്റി) 2016 അഡ്മിഷൻ - റഗുലർ/2016 ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി ഒമ്പതാം സെമസ്റ്റർ പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 18 വരെയും 525 രൂപാ പിഴയോടെ ഒക്ടോബർ 20 വരെയും 1050 രൂപാ സൂപ്പർ ഫൈനോടെ ഒക്ടോബർ 21നും അപേക്ഷിക്കാം. ഇതിന് പുറമെ പേപ്പറൊന്നിന് 35 രൂപ നിരക്കിൽ (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി.ക്യാംപ് ഫീസും അടയ്ക്കണം. (പി.ആർ.ഒ/39/1047/2021)

പഞ്ചവത്സര ബി.ബി.എ - എൽ.എൽ.ബി (ഓണേഴ്സ്) ( 2016, 2017 അഡ്മിഷൻ - സപ്ലിമെൻ്ററി, എസ്.ഐ.എൽ.റ്റി) ഒന്നു മുതൽ നാലുവരെ സെമസ്റ്റർ പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 11 വരെയും 525 രൂപാ പിഴയോടെ ഒക്ടോബർ 12 നും 1050 രൂപാ സൂപ്പർ ഫൈനോടെ ഒക്ടോബർ 13നും അപേക്ഷിക്കാം. ഇതിന് പുറമെ പേപ്പറൊന്നിന് 35 രൂപ നിരക്കിൽ (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി.ക്യാംപ് ഫീസും അടയ്ക്കണം. (പി.ആർ.ഒ/39/1048/2021)

### പരീക്ഷ തീയതി

ബാച്ചലർ ഓഫ് ഹോട്ടൽ മാനജ്മെൻ്റ് നാലാം സെമസ്റ്റർ പരീക്ഷ (2019 അഡ്മിഷൻ - റഗുലർ/2013 -2018 അഡ്മിഷൻ - സപ്ലിമെൻ്ററി പരീക്ഷകൾ ഒക്ടോബർ 26 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ. (പി.ആർ.ഒ/39/1049/2021)

മൂന്നാം വർഷ ബി.എസ് സി - എം.ആർ.ടി (2016 അഡ്മിഷൻ - റഗുലർ/സപ്ലിമെൻററി 2016 ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി) പരീക്ഷകൾ നവമ്പർ മൂന്നിന് ആരംഭിക്കും. വിശദമായ ടൈംടേബ്ൾ സർവ്വകലാശാല വെബ് സൈറ്റിൽ. (പി.ആർ.ഒ/39/1050/2021)

ആറാം സെമസ്റ്റർ ഐ. എം. സി. എ (2017 അഡ്മിഷൻ - റഗുലർ)/ ഡി ഡി എം സി എ (2014- 2016 അഡ്മിഷൻ - സപ്ലിമെൻ്ററി) പരീക്ഷകൾ ഒക്ടോബർ 27 ന് ആരംഭിക്കും. വിശദമായ ടൈംടേബ്ൾ സർവ്വകലാശാല വെബ് സൈറ്റിൽ. (പി.ആർ.ഒ/39/1051/2021)

നാലാം സെമസ്റ്റർ ബി - വൊക് പരീക്ഷ (2019 അഡ്മിഷൻ - റഗുലർ - പുതിയ സ്കീം) പരീക്ഷകൾ ഒക്ടോബർ 13 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ. (പി.ആർ.ഒ/39/1052/2021)

## എം. എസ് സി പ്രവേശനം

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോ സയൻസസ് നടത്തുന്ന 2021-2023 ബാച്ച് എം.എസ്.സി പ്രോഗ്രാമുകളിൽ പ്രവേശനത്തിനർഹത നേടിയ വിദ്യാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിച്ചു. പട്ടിക www.mgu.ac.in എന്ന വെബ് സൈറ്റിൽ പരിശോധിക്കാം. (പി.ആർ.ഒ/39/1053/2021)

## പരീക്ഷഫലം

2020 നവമ്പറിൽ നടത്തിയ രണ്ടാം സെമസ്റ്റർ പി ജി സി എസ് എസ് - എം.എസ്.സി ബയോ ഇൻഫർമാറ്റിക്സ് (റഗുലർ , സപ്ലിമെൻ്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 21 വരെ ഓൺലൈനായി സമർപ്പിക്കാം. പുനർ മൂല്യ നിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപ നിരക്കിലും ഫീസടയ്ക്കണം. (പി.ആർ.ഒ/39/1054/2021)

2020 നവമ്പറിൽ നടത്തിയ രണ്ടാം സെമസ്റ്റർ - എം.എസ്.സി പ്ലാൻ്റ് ബയോടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 21 വരെ ഓൺലൈനായി സമർപ്പിക്കാം. പുനർ മൂല്യ നിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപ നിരക്കിലും ഫീസടയ്ക്കണം. (പി.ആർ.ഒ/39/1055/2021)

2020 നവമ്പറിൽ നടത്തിയ രണ്ടാം സെമസ്റ്റർ പി ജി സി എസ് എസ് - എം.എ. ജെ. എം.സി. ആൻറ് എം.സി.ജെ.(റഗുലർ , സപ്ലിമെൻ്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 21 വരെ ഓൺലൈനായി സമർപ്പിക്കാം. പുനർ മൂല്യ നിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപ നിരക്കിലും ഫീസടയ്ക്കണം. (പി.ആർ.ഒ/39/1056/2021)

2020 നവമ്പറിൽ നടത്തിയ രണ്ടാം സെമസ്റ്റർ പി ജി സി എസ് എസ് - എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ് (റഗുലർ , സപ്ലിമെൻ്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 21 വരെ ഓൺലൈനായി സമർപ്പിക്കാം. പുനർ മൂല്യ നിർണയത്തിന് പേപ്പറൊന്നിന് 370 രൂപ നിരക്കിലും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപ നിരക്കിലും ഫീസടയ്ക്കണം. (പി.ആർ.ഒ/39/1057/2021)

## സെലക്ട് ലിസ്റ്റ്

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിലെ എം. ടി. ടി. എം പ്രോഗ്രാം പ്രവേശനത്തിനുള്ള സെലക്ട് ലിസ്റ്റ് (പ്രൊവിഷണൽ) പ്രസിദ്ധീകരിച്ചു. ലിസ്റ്റ് www.sts.mgu.ac.in എന്ന വെബ്സൈറ്റിൽ പരിശോധിക്കാം.

(പി.ആർ.ഒ/39/1058/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ